**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4867** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഫോക് ലോർ അക്കാദമിയുടെ വെള്ളാവൂർ ഉപകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഫോക് ലോർ അക്കാദമിയുടെ വെള്ളാവൂർ ഉപകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കേരള ഫോക് ലോർ അക്കാദമിയുടെ പ്രവർത്തനം കേരളത്തിന്റെ തെക്കൻ ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിന് വേണ്ടിയാണ് വെള്ളാവൂർ ഉപകേന്ദ്രം ആരംഭിച്ചത്. വെള്ളാവൂർ ഉപകേന്ദ്രത്തിൽ നാടൻപാട്ട് പരിശീലനം, ഉപകരണ സംഗീത പരിശീലനം എന്നിവ നടന്നുവരുന്നുണ്ട്. തുടർന്ന് പടയണി, വേലകളി എന്നിവയുടെ പരിശീലനം നടത്താൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | വിഭാവനം ചെയ്ത രീതിയിൽ പ്രവർത്തിക്കുന്നതിന് ആവശ്യമായ ജീവനക്കാരുടെ നിയമനം പൂർത്തിയാക്കിയിട്ടുണ്ടോ, ഇല്ലെങ്കിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | തസ്തികകൾ സൃഷ്ടിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്. എൽ.ഡി.ക്ലർക്ക്-കം-കോ-ഓർഡിനേറ്റർ (ആഴ്ചയിൽ ചൊവ്വ, വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ), സ്വീപ്പർ എന്നീ തസ്തികകളിൽ ഒരാളെ വീതം താല്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (സി) | യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് നാടൻകലകളിൽ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | ഇക്കാര്യം വിശദമായി പരിശോധിച്ച ശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ